പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5259 — 1/07/2014-ൽ മറുപടിക്ക്

# സൗജന്യവൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>'' കെ. കെ. നാരായണൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ആർ.ജി.ജി.വി.വൈ.ക്ക് പുറമേ സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; | ആർ.ജി.ജി.വി.വൈ. പദ്ധതി ഇല്ലാത്ത മേഖലകളിൽ കണക്റ്റഡ് ലോഡ് 500 വാട്ട്സിൽ താഴെയുള്ള എല്ലാ ബി.പി.എൽ. അപേക്ഷകർക്കും 1000 വാട്ട്സിൽ താഴെയുള്ള എസ്സ്.സി./എസ്സ്.റ്റി. വിഭാഗക്കാർക്കും ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആകെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്; | 2011 മെയ് 31 വരെയുള്ള കാലയളവിൽ ആകെ 22,56,237 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (സി) ഇതിൽ ഒ.വൈ.ഇ.സി. സ്കീം പ്രകാരം എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; ഒ.വൈ.ഇ.സി. സ്കീമിലല്ലാതെ നൽകിയ കണക്ഷനുകൾ എത്ര; | ഇതിൽ ഒ.വൈ.ഇ.സി. സ്കീം പ്രകാരം 13,49,675 വൈദ്യുതി കണക്ഷനുകളും ഒ.വൈ.ഇ.സി. സ്കീമിലല്ലാതെ 9,06,562 വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ(ഡി) വന്നതിനുശേഷം ആകെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ 12,51,087 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ഇ) ഇതിൽ ഒ.വൈ.ഇ.സി. സ്കീം പ്രകാരം(ഇ) എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; ഒ.വൈ.ഇ.സി. സ്കീമിലല്ലാതെ നൽകിയ കണക്ഷനുകൾ എത്ര; വിശദാംശം വ്യക്തമാക്കുമോ? | ഇതിൽ ഒ.വൈ.ഇ.സി. സ്കീം പ്രകാരം 11,14,257 വൈദ്യുതി കണക്ഷനുകളും ഒ.വൈ.ഇ.സി. സ്കീമിലല്ലാതെ 1,36,830 വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ